ഏറ്റെടുക്കുന്ന മഴവെള്ള സംഭരണ പദ്ധതിയായ വർഷ പദ്ധതി 2007 മുതൽ നടപ്പിലാക്കിവരുന്നു. വർഷകാലത്ത് വീടിന്റെ മേൽക്കൂരയിൽ പതിക്കുന്ന മഴവെള്ളം ശാസ്ത്രീയമായി ടാങ്കിൽ ശേഖരിച്ച് സുരക്ഷിതമായി സൂക്ഷിച്ച് വേനൽക്കാലത്ത് ഉപയോഗിക്കാവുന്നതാണ്. പദ്ധതിയുടെ ചെലവിന്റെ 90 ശതമാനം കേന്ദ്രസഹായവും 10 ശതമാനം ഉപഭോക്തൃവിഹിതവുമാണ്. എൻ.ജി.ഒ. മുഖേനയാണ് പദ്ധതി നടപ്പിലാക്കിവരുന്നത്. കേരള വാട്ടർ അതോറിറ്റി 2007 മുതൽ തിരുവനന്തപുരം, ആലപ്പുഴ, കോട്ടയം, എറണാകുളം എന്നീ ജില്ലകളിലായി 5187 യൂണിറ്റുകളുടെ പണികൾ പൂർത്തിയാക്കിയിട്ടുണ്ട്. ഇപ്പോൾ അട്ടപ്പാടിയുടെ നവീകരണത്തിനായി കേന്ദ്ര സർക്കാരിന്റെ എസ്.ടി.-എൻ.ആർ.ഡി.ഡബ്ല്യു.പി.യിൽ ഉൾപ്പെടുത്തി സ്കൂളുകളിലേക്കും കോളനികളിലും മഴവെള്ള സംഭരണ യൂണിറ്റുകൾ നിർമ്മിക്കുന്നതിനുവേണ്ടി 130 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. ഇത് നടപ്പിലാക്കുന്നതിനുള്ള നടപടികൾ എടുത്തുവരുന്നു. ഇതുകൂടാതെ എ.ആർ.ഡബ്ല്യു.എസ്.എസ്.-ലെ എസ്.സി./ എസ്.ടി. പദ്ധതിയിൽപ്പെടുത്തി കുട്ടനാട് താലൂക്കിൽ 5 വീടുകൾക്ക് 25000 ലിറ്റർ ശേഷിയുള്ള ഒരു യൂണിറ്റ് എന്ന കണക്കിൽ 10 മഴവെള്ള സംഭരണ യൂണിറ്റുകൾക്കായുള്ള പണികൾ പുരോഗമിക്കുന്നു.

കേരള ഗ്രാമീണ ശുദ്ധജല വിതരണ ശുചിത്വ ഏജൻസിയുടെ ഭാഗമായി പ്രവർത്തിക്കുന്ന 'മഴകേന്ദ്രം' മഴവെള്ളം ശേഖരിക്കുന്നതിനുള്ള പദ്ധതികൾ നടപ്പാക്കിവരുന്നു. സ്റ്റേറ്റ് പ്ലാൻ പദ്ധതിയിൽപ്പെടുത്തി 10000 ലിറ്റർ ശേഷിയുള്ള സംഭരണികൾ എ.പി.എൽ. വിഭാഗത്തിൽപ്പെടുന്നവർക്ക് 90% സബ്സിഡി നിരക്കിലും ബി.പി.എൽ. വിഭാഗത്തിൽപ്പെടുന്നവർക്ക് 95% സബ്സിഡി നിരക്കിലും നിർമ്മിച്ച് നൽകുന്നു. 2012-13 സാമ്പത്തിക വർഷം അനുവദിച്ച 8.02 കോടി രൂപ ഉപയോഗിച്ച് സംസ്ഥാനത്തെ മൂന്ന് ജില്ലകളിലെ ആറ് ഗ്രാമ പഞ്ചായത്തുകളിലായി 1951 കുടുംബങ്ങൾക്ക് സംഭരണികൾ നിർമ്മിച്ചുനൽകി. 2013-14 സാമ്പത്തിക വർഷത്തെ പദ്ധതിയിൽ വകയിരുത്തിയ 4 കോടി രൂപ വിനിയോഗിച്ച് രണ്ട് ജില്ലകളിലെ നാല് ഗ്രാമപഞ്ചായത്തുകളിലായി 1125 കുടുംബങ്ങൾക്ക് പ്രയോജനം ലഭിക്കത്തക്ക രീതിയിൽ പ്രവർത്തി ആരംഭിച്ചിട്ടുണ്ട്. ഈ മേഖലയിൽ പരിചയ സമ്പന്നരായ സന്നദ്ധ സംഘടനകളുടെ സേവനം ഉപയോഗപ്പെടുത്തിയാണ് മഴവെള്ള സംഭരണികൾ നിർമ്മിച്ചുനൽകുന്നത്.

(സി) കേരള വാട്ടർ അതോറിറ്റിക്കോ ജനപ്രതിനിധികൾക്കോ നിവേദനം ലഭിച്ചിട്ടില്ല.

മാവേലിക്കര നഗരത്തിലെ കുടിവെള്ളക്ഷാമം

133 (6838) ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മാവേലിക്കര മുനിസിപ്പാലിറ്റിയിൽ വാട്ടർ അതോറിറ്റി സ്ഥാപിച്ച വാട്ടർടാങ്കും പമ്പ്ഹൗസും കാലപ്പഴക്കത്താൽ തകർച്ചയിലായത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഇവിടെ പുതിയ വാട്ടർടാങ്കും പമ്പ്ഹൗസും സ്ഥാപിച്ച് പ്രസ്തുത പ്രദേശത്തെ കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ ; വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(സി) മാവേലിക്കര നഗരത്തിലെ കുടിവെള്ള പ്രശ്നപരിഹാരത്തിന് ബഡ്ജറ്റിൽ തുക വകയിരുത്തിയിട്ടുണ്ടോ ; ഇതിനാവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ; ഇല്ലെങ്കിൽ തുക വകയിരുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) പുതിയ വാട്ടർ ടാങ്കും പമ്പ് ഹൗസും സ്ഥാപിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ ഇപ്പോൾ പരിഗണനയിലില്ല. എന്നാൽ പഴയ പമ്പ് സെറ്റ്, വാൽവുകൾ എന്നിവ മാറ്റി സ്ഥാപിക്കുന്നകാര്യം പരിശോധിച്ചുവരുന്നു.

(സി) മാവേലിക്കര നഗരത്തിലെ കുടിവെള്ള പ്രശ്നപരിഹാരത്തിന് ബഡ്ജറ്റിൽ പ്രത്യേകമായി തുകയൊന്നും വകയിരുത്തിയിട്ടില്ല. എന്നാൽ മാവേലിക്കരയിലെ കുടിവെള്ള പ്രശ്നം പരിഹരിക്കുന്നതിനായി പഴയ പമ്പ്സെറ്റ്, വാൽവുകൾ ഇവ മാറ്റി സ്ഥാപിക്കുന്നതിലേക്കായി 39 ലക്ഷം രൂപയുടെ നിർദ്ദേശത്തിന് കേരള വാട്ടർ അതോറിറ്റി ഭരണാനുമതി നൽകിയിട്ടുണ്ട്.

ആറന്മുള നഗരസഭയിലെ കുടിവെള്ളക്ഷാമം

134 (6839) ശ്രീ. ജി. സുധാകര�ൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ബഹു. തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആറന്മുള നഗരസഭയിലെ കുടിവെള്ളക്ഷാമം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഇതിനുള്ള കാരണങ്ങൾ വ്യക്തമാക്കുമോ ;

(ബി) ഏതെല്ലാം പമ്പിംഗ് സ്റ്റേഷനുകളിൽ നിന്നാണ് ആറന്മുള നഗരസഭയിലേക്ക് വെള്ളം പമ്പുചെയ്യുന്നത് ;

(സി) പമ്പിംഗ് സ്റ്റേഷനുകളിലെ എത്ര കിണറുകൾ തകരാറിലാണ് ; തകരാർ പരിഹരിക്കാൻ എന്തുനടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ആറന്മുള നഗരസഭയിലെ കുടിവെള്ളക്ഷാമം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ആറന്മുള നഗരസഭയിലെ കുടിവെള്ളക്ഷാമത്തിനുകാരണം ഭൂഗർഭജലത്തെ ആശ്രയിച്ചുള്ള കുഴൽകിണറുകളെയാണ് കുടിവെള്ളത്തിനായി ആശ്രയിക്കുന്നത് എന്നതാണ്. കാലവർഷക്കം കൊണ്ട് കുഴൽകിണർ തകരാറിലാകുന്നതിനാൽ പുതിയ കിണർ സ്ഥാപിക്കുന്നതുവരെ ടി പ്രദേശങ്ങളിൽ കുടിവെള്ളക്ഷാമം നേരിടുന്നു. കാലവർഷക്കം പോലെ കിണറുകളിൽ സുനാമിക്കുശേഷം ഗ്രൗണ്ട് വാട്ടർ ലെവൽ താഴുന്നതും ജലലഭ്യതയ്ക്ക് കുറവുവരാൻ കാരണമായിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly